


വയോധികരോടു വേണോ ഈ അവഗണന

ഉയർന്ന പി.എഫ് പെൻഷൻ അനുവദിച്ചാൽ കേന്ദ്രം പറഞ്ഞതിന്റെ പത്തിലൊന്ന് തുകയുടെ അധികബാധ്യത മാത്രമേ ഉണ്ടാകൂവെന്ന് ഇ.പി.എഫ്.ഒ വ്യക്തമാക്കി. കേന്ദ്രം പറഞ്ഞത് പത്ത് ലക്ഷം കോടി രൂപയാണ്. ഇ.പി.എഫ്.ഒയുടെ കണക്കുകൾ പ്രകാരം 78,501 കോടി മാത്രം. 17.49 ലക്ഷം അപേക്ഷകളിൽ 3.73 ലക്ഷം പേർ മാത്രമാണ് യോഗ്യത നേടിയത്.

## ഉയർന്ന പി.എഫ് പെൻഷൻ

# കേന്ദ്രത്തിന്റെ കള്ളക്കളി വെളിച്ചത്തായി



ഡോ:പി.പി.വിജയകുമാർ

പി.എഫ് പെൻഷൻ ഉയർത്തിയാൽ പത്ത് ലക്ഷം കോടി രൂപയുടെ ബാധ്യത വരുമെന്നും ഇതോടെ പദ്ധതി തന്നെ തകരുമെന്നുമുള്ള കേന്ദ്ര സർക്കാരിന്റെ വാദം പൊളിഞ്ഞു. ഉയർന്ന പെൻഷൻ അനുവദിക്കുക വഴി 78,501 കോടി രൂപയുടെ അധിക ബാധ്യത മാത്രമേ വരുന്നുള്ളൂവെന്ന് ഇ.പി.എഫ്.ഒയുടെ കണക്കുകൾ വ്യക്തമാക്കുന്നു. അതായത് സർക്കാർ പറഞ്ഞതിന്റെ പത്തിലൊന്ന് മാത്രമേ ബാധ്യതയായി വരുന്നുള്ളൂവെന്ന് വ്യക്തം.

പത്ത് ലക്ഷത്തിന്റെ കള്ളക്കണക്ക് പറഞ്ഞാണ് കേന്ദ്രം ഉയർന്ന പെൻഷനെ സുപ്രീം കോടതിയിൽ എതിർത്തത്. എന്നാൽ ഇ.പി.എഫ്.ഒയുടെ കേന്ദ്ര ട്രസ്റ്റി ബോർഡ് യോഗത്തിൽ വെച്ച കണക്കുകൾ പ്രകാരം അധിക ബാധ്യത 78,501 കോടി രൂപ മാത്രമാണ്. ഒരാൾക്ക് 25 ലക്ഷം രൂപ വീതം ഇതുവരെയുള്ള അപേക്ഷകളിൽ 92 ശതമാനവും തീർപ്പാക്കി.



17.49 ലക്ഷം അപേക്ഷകളിൽ 3.73 ലക്ഷം പേർ മാത്രമാണ് യോഗ്യത നേടിയത്.

ഭാരതത്തിലെ തൊഴിലാളികളുടെ നീണ്ടകാലത്തെ ആവശ്യം പരിഗണിച്ചാണ്, കേന്ദ്രസർക്കാർ പ്രോവിഡണ്ട് പെൻഷൻ നിയമം 1995 നവംബർ 16 ന് നടപ്പിൽ വരുത്തിയത്. ഇതിന് വേണ്ടി തൊഴിലാളി വിഹിതം 8.33% തൊഴിൽ ചെയ്തിരുന്ന കാലം മുഴുവൻ എല്ലാ മാസവും സർക്കാർ പിടിച്ചെടുത്തു. ഇങ്ങിനെ കേന്ദ്രസർക്കാറിന്റെ കയ്യിൽ പെൻഷനുവേണ്ടി തൊഴിലാളികൾ നല്കിയ ഫണ്ടിൽ 7,80,300 കോടി രൂപ നിക്ഷേപമായുണ്ട്. ആ സംഖ്യക്ക് പലിശയായി അമ്പത്തിരണ്ടായിരം  കോടി രൂപ കേന്ദ്ര സർക്കാറിന് ലഭിക്കുന്നുണ്ട്. ആ പലിശ സംഖ്യയിൽ നിന്നും 79 ലക്ഷം പെൻഷൻകാർക്ക് കേവലം പതിനഞ്ചായിരം കോടി രൂപ മാത്രമാണ് വിതരണം ചെയ്യുന്നത്. അതായത് 28% സംഖ്യ മാത്രം. 72% പലിശയും സർക്കാർ പിടിച്ചു വയ്ക്കുകയാണ്. കൂടാതെ നാൽപതിനായിരം കോടി രൂപ അവകാശികളില്ലാതെ വർഷങ്ങളായി കെട്ടി കിടക്കുന്നതും സർക്കാർ കൈവശപ്പെടുത്തിയിരിക്കുകയാണ്. ഇത് മുതിർന്ന പൗരന്മാരായ പ്രോവിഡണ്ട് പെൻഷൻകാരോട് കേന്ദ്രസർക്കാർ ചെയ്യുന്ന കടുത്ത വഞ്ചനയും, അവഗണനയുമാണ്.

രാഷ്ട്ര താല്പര്യത്തിനും, പുരോഗതിക്കുമായി, പൊതുമേഖലാ, സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്ത്, ആരോഗ്യം നശിച്ച് അസുഖ ബാധിതരായി ജോലിയിൽ നിന്നും വിരമിച്ചു വരുന്ന തൊഴിലാളിക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റിയും, പ്രോവിഡന്റ് ഫണ്ട് സംഖ്യയും ഉപയോഗിച്ച് താമസിക്കാനൊരു വീടുവയ്ക്കുകയോ, ഒരു പെൺകുട്ടിയെ വിവാഹം കഴിപ്പിച്ച് അയക്കുകയോ ചെയ്താൽ മുഴുവൻ സംഖ്യയും തീരും. പിന്നീട് ജീവിക്കാൻ ആകെയുള്ള ആശ്രയം ഇ.പി.എഫ് പെൻഷനാണ്. ഇന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന തുച്ഛമായ സംഖ്യകൊണ്ട്, ജീവിത ശൈലീരോഗങ്ങൾക്കുള്ള മരുന്നു വാങ്ങാൻ പോലും തികയുകയില്ല.

ഇ.പി.എഫ് പെൻഷൻ വാങ്ങുന്നവരിൽ ഏകദേശം 50 ലക്ഷത്തോളം പേരും ആയിരം രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവരാണ്. അംശാദായം ഒന്നും അടക്കാതെ 60 വയസ്സു കഴിഞ്ഞ എല്ലാവർക്കും ക്ഷേമ പെൻഷൻ കൊടുക്കുന്ന ഈ നാട്ടിൽ, അംശാദായം പിടിക്കുന്ന തൊഴിലാളി 58 വയസ്സിൽ വിരമിക്കുമ്പോൾ 1000 രൂപ പെൻഷൻ നല്കുന്ന ഇത്തരം നടപടി ഇന്ത്യയിലല്ലാതെ മറ്റൊരു രാജ്യത്തും കാണുമെന്ന് തോന്നുന്നില്ല.

തന്റെ യൗവ്വനം മുഴുവൻ തൊഴിലെടുത്ത് സ്വന്തം വരുമാനത്തിൽ നിന്നും ഒരു അംശം സംഖ്യ സർക്കാരിനെ ഏൽപ്പിച്ചത്, ജീവിതാന്ത്യത്തിൽ ഒരു താങ്ങാവും എന്ന് കരുതിയാണ്.

ആ പെൻഷൻ സംഖ്യയാണ് സർക്കാർ പിടിച്ചു വെച്ചുകൊണ്ട് ദ്രോഹ നടപടിയുമായി മുന്നോട്ടു പോകുന്നത്. നീതിക്കു വേണ്ടി നിരവധി കോടതികൾ കയറിയിറങ്ങിയ തൊഴിലാളികൾക്ക് ലഭിച്ച അനുകൂല വിധിക്കെതിരെ കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്ത് ദീർഘ നാളത്തെ വാദങ്ങൾക്ക് ശേഷം ബഹുമാനപ്പെട്ട സുപ്രീം കോടതി തൊഴിലാളികൾക്ക് അനുകൂലമായ വിധി പുറപ്പെടുവിച്ചു. രണ്ടു വർഷം പിന്നിട്ടിട്ടും, അതുപ്രകാരമുള്ള പെൻഷൻ ലഭ്യമാക്കാനാവശ്യമായ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഇത് വന്ധ്യ വയോധികരായ ലക്ഷക്കണക്കിന് വരുന്ന ഇ.പി.എഫ് പെൻഷൻകാരോട് കേന്ദ്ര സർക്കാരും തൊഴിൽ വകുപ്പും ഇ.പി.എഫ്. ഒയും ചെയ്യുന്ന കടുത്ത അവഗണനയാണ്. ഈ അവഗണന അവസാനിപ്പിച്ച്, മിനിമം പെൻഷൻ 10,000/- (പതിനായിരം) രൂപയും ഡി.എ.യും, ശമ്പളത്തിന്റെ പകുതി സംഖ്യ പെൻഷൻ എന്നടിസ്ഥാനത്തിൽ കൂടിയ പെൻഷനും നൽകുവാൻ കേന്ദ്രസർക്കാർ തയ്യാറാവണം.

**ലേഖകൻ സർവ്വോദയ സംഘം സ്റ്റാഫ് & ഖാദി ആർട്ടിസാൻസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റാണ്**